# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1177 — 05.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശത്തിനായി ജലപരിഷ്കരണ നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ്<br>,, കെ. ദാസൻ<br>,, എൻ. വിജയൻ പിള്ള<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യലഭ്യത വർദ്ധനവില്ലാതെ തുടരുകയോ കുറയുകയോ ചെയ്യുന്ന പ്രവണതയുടെയും സംസ്ഥാന തീരത്ത് സമൃദ്ധമായി ലഭിച്ചിരുന്ന മത്തി പോലുള്ള മത്സ്യങ്ങളുടെ ലഭ്യതയിൽ വലിയ ശോഷണം സംഭവിച്ചതിന്റേയും പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കായി മാത്രം പരിമിതപ്പെടുത്തുന്നതിനായി കേരള അക്വേറിയൻ റിഫോംസ് ബിൽ കൊണ്ടു വരുന്നതിന് ഉദ്ദേശിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പു വരുത്തുന്നതിനായി തീരക്കടലിലെ പരമ്പരാഗത മേഖലയിലെ മത്സ്യബന്ധന അവകാശത്തിന്റെയും മത്സ്യബന്ധന ഉപകരണങ്ങളുടെ അവകാശത്തിന്റെയും പരിരക്ഷ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തുകയും ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുകയെന്നുമുളളതാണ് ഈ ബില്ലിന്റെ ലക്ഷ്യം. |
| (ബി) | മത്സ്യബന്ധന മേഖലയിലെ യന്ത്രവൽക്കരണം പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെ മത്സ്യബന്ധന തൊഴിലാളികളാക്കി മാറ്റിയ സ്ഥിതിവിശേഷം പരിഹരിക്കാൻ സഹകരണാടിസ്ഥാനത്തിൽ യാനങ്ങളുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥാവകാശം നേടിയെടുക്കാൻ വേണ്ട പിന്തുണ നൽകാൻ സാധ്യമാകുമോ; | (ബി) | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം നേടിയെടുക്കുവാൻ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളും വലകളും മറ്റ് അനുസാരികകളും ദേശീയ സഹകരണ വികസന കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളുടെ വായ്പകൾ സബ്സിഡിയോട് കൂടി മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ ഉതകുന്ന പദ്ധതികളും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരളതീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ടുമോ? | (സി) | ട്രോളർ ബോട്ടുകൾ ട്രോൾ നെറ്റുകൾ ഉപയോഗിച്ച് ചെറുമീനുകളെ പിടിച്ച് നശിപ്പിക്കപ്പെടുന്നതായി വിലയിരുത്തിയിട്ടു ണ്ട്. 58 ഇനം മത്സ്യങ്ങൾ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പവും പ്രധാന വലകൾക്ക് കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടു ണ്ട്. KMFR ആക്ടിൽ വരുത്തിയ ഭേദഗതിയ്ക്ക് ശേഷം പട്രോളിംഗ് ശക്തമാക്കുകയു ണ്ടായി. നിയമലംഘനം നടത്തുന്ന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കനത്ത പിഴ ഈടാക്കുന്നതിനാൽ ഇത്തരം പ്രവൃത്തികൾ നിയന്ത്രിയ്ക്കാൻ കഴിഞ്ഞിട്ടു ണ്ട്. കേന്ദ്ര സർക്കാരിന്റെയും മറ്റ് അയൽ സംസ്ഥാനങ്ങളുടെയും ഇടപെടൽ സാദ്ധ്യമാക്കുവാൻ ദക്ഷിണേന്ത്യയിലെ ഫിഷറീസ് മന്ത്രിമാരുടെ ഒരു യോഗം ഉടൻ വിളിച്ചു ചേർക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ